(ബി) ജനിതക വൈകല്യവും പോഷകാഹാരക്കുറവുള്ളവരിലുമാണ് ഈ രോഗം പ്രധാനമായും കണ്ടുവരുന്നത്. പട്ടിണി മാറ്റി ആവശ്യമായ ആഹാരം നല്കുക മാത്രമേ ഉള്ളൂ ഈ രോഗത്തിന് പ്രധാന ചികിത്സ.

(സി) ഇതിന് അലോപ്പതി വിഭാഗത്തിൽ പ്രത്യേകമായ ചികിത്സ ലഭ്യമല്ല.

(ഡി) ആയുർവേദ ചികിത്സ ഈ രോഗം ബാധിച്ചവർക്ക് ആശ്വാസം നൽകിവരുന്നതായി കണ്ടുവരുന്നു. കല്പ്പറ്റ ഗവണ്മെന്റ് ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് സിക്കിൾസെൽ അനീമിയ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

(ഇ) ചികിത്സയുണ്ട്. എല്ലാ ഹോമിയോ ഡിസ്പെൻസറികളിലും ആശുപത്രികളിലും ചികിത്സ ലഭ്യമാണ്.

184 (2507) സ്വകാര്യ ക്ളിനിക്കൽ ലബോറട്ടറികൾ

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ക്ളിനിക്കൽ ലബോറട്ടറികളെ നിയന്ത്രിക്കുവാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ബി) കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത ക്ളിനിക്കുകളിൽ ജോലി ചെയ്യുന്നവർക്ക് നിശ്ചിത യോഗ്യതയും സേവന വേതന സുരക്ഷിതത്വവും ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ)&(ബി) സ്വകാര്യ ക്ളിനിക്കൽ ലബോറട്ടറികളെ നിയന്ത്രിക്കുവാൻ നിലവിൽ സംവിധാനമൊന്നുമില്ല. എന്നാൽ ഇവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഉതകുമാറ് കേരളാ പാരാമെഡിക്കൽ ടെക്നീഷ്യൽ കൗൺസിൽ ബിൽ എന്ന പേരിൽ കരട് നിയമം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ ഡിസ്പെൻസറികൾ, ഫാർമസികൾ, സ്കാനിംഗ് സെന്ററുകൾ, എക്സ്റേ യൂണിറ്റുകൾ ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി ഒരു പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും ഇതിൻമേൽ മിനിമം വേതന ഉപദേശക സമിതിയുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം അന്തിമ വിജ്ഞാപനത്തിന്റെ കരട് അയച്ചുതരുവാൻ ലേബർ കമ്മീഷണറോട് ആവശ്യപ്പെടുകയും ചെയ്തിരിക്കുകയാണ്.

185 (2501) ഹെൽത്ത് ഇൻസ്പെക്ടർ നിയമനം

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത ലിസ്റ്റിൽ നിന്നുള്ള നിയമനം ആരംഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly